"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് -ഉമയാറ്റുകര മഴുക്കീർ ശ്രീ വെട്ടിക്കോട്ടിൽ നാഗരാജ ക്ഷേത്രം പുനരുദ്ധാരണത്തിനായി പ്രൊജക്ട് വയ്ക്കാതെ 2,57,914 രൂപ നൽകിയതിന് സാധൂകരണവും ബാക്കി നൽകാനുള്ള തുക പ്രോജക്ട് വയ്ക്കാതെ നൽകുന്നതിനുള്ള അനുമതിയും നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ.)വകുപ്പ്

G.O.(Rt)No.1081/2019/LSGD തീയതി,തിരുവനന്തപുരം, 29/05/2019

പരാമർശം:- 1 തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.05.2018-ലെ എ2/08/18 നമ്പർ കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 04.10.18, 01.03.19 എന്നീ തിയതികളിലെ ജെ1/20401/18 നമ്പർ കത്തുകൾ

ഉത്തരവ്

കേരള പട്ടികജാതി വികസന വകുപ്പ് ജില്ലാ ഓഫീസറുടെ കാര്യാലയത്തിൽനിന്നും പട്ടികജാതിക്കാരുടെ അധീനതയിലുള്ള കാവുകളുടേയും ക്ഷേത്രങ്ങളുടേയും സംരക്ഷണത്തിനുള്ള പദ്ധതി പ്രകാരം മഴുക്കീർ ശ്രീ വെട്ടിക്കോട്ടിൽ നാഗരാജ ക്ഷേത്രം പുനരുദ്ധാരണത്തിനായി 2016-17 ൽ 4,40,000 രൂപ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിനു ലഭിച്ചിരുന്നു. പദ്ധതി രൂപീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ,ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തി പൂർത്തീകരിക്കുകയും രണ്ട് ഗഡുക്കളായി ആകെ 2,57,914 രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യൂവേഷൻ പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകുകയും ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റ് ഇല്ലാത്തതിനാലും പ്രൊജക്റ്റ് വയ്ക്കാതെ തുക നൽകിയത് ക്രമപ്രകാരമല്ലാത്തതിനാലും തുടർന്നുള്ള തുക കൺവീനർക്ക് നൽകിയില്ല. പ്രൊജക്റ്റ് പൂർത്തിയായതിനാൽ ഇനി പ്രൊജക്റ്റ് രൂപീകരിക്കാൻ കഴിയില്ല എന്നതിനാൽ പ്രൊജക്റ്റ് രൂപീകരിക്കാതെ തുക നൽകിയ നടപടി സാധൂകരിച്ച് നൽകണമെന്നും പണി പൂർത്തിയായ സാഹചര്യത്തിൽ ഗുണഭോക്തൃസമിതിക്ക് നൽകേണ്ട ബാക്കി തുക പ്രോജക്ട് വെക്കാതെ തന്നെ എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ സമിതിക്ക് നൽകുന്നതിനും അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. പരാമർശം (2)ലെ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പട്ടികജാതി വികസന വകുപ്പ് ജില്ലാ ഓഫീസറുടെ കാര്യാലയത്തിൽനിന്നും പട്ടികജാതിക്കാരുടെ അധീനതയിലുള്ള കാവുകളുടേയും ക്ഷേത്രങ്ങളുടേയും സംരക്ഷണത്തിനുള്ള പദ്ധതി പ്രകാരം ഉമയാറ്റുകര മഴുക്കീർ ശ്രീ വെട്ടിക്കോട്ടിൽ നാഗരാജ ക്ഷേത്രം പുനരുദ്ധാരണത്തിനായി 2016-17 ൽ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന് ലഭിച്ച 4,40,000 രൂപയിൽ നിന്നും പദ്ധതി രൂപീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ രണ്ട് ഗഡുക്കളായി ആകെ 2,57,914 (രണ്ടു ലക്ഷത്തി അൻപത്തേഴായിരത്തി തൊള്ളായിരത്തി പതിനാല്)രൂപ അസി.എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർക്ക് നൽകിയ നടപടി, ഇത്തരം ക്രമപ്രകാരമല്ലാത്ത നടപടികൾ മേലിൽ ഉണ്ടാകരുതെന്ന കർശന നിബന്ധനയോടെ സാധൂകരിക്കരിച്ചുകൊണ്ടും, ഇനി ബാക്കി നൽകാനുള്ള തുക പ്രോജക്ട് വയ്ക്കാതെ തന്നെ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യൂഷന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ

സമിതിക്ക് നൽകുന്നതിനുള്ള അനുമതി തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന് നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

പ്രസിഡണ്ട്, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ